# OFFICE OF THE COCHIN DEVASWOM BOARD

**Round North, Thrissur – 680 001**

PH: 2331124, 2327028 FAX : 2335874, 2327029

E-mail. admin @cochindevaswomboard.org


No. R1.11285/2020 dt.08/04/2022

## പരസ്യം

2022 തൃശ്ശൂർ പൂരം പ്രദർശനത്തിനോടനുബന്ധിച്ച് പ്രദർശനത്തിന് മുൻവശം തെക്ക് വശത്ത് വടക്കുന്നാഥൻ ക്ഷേത്രമൈതാനിയിൽ ഉള്ള പാർക്കിംഗ് ഏരിയായിൽ പ്രതിദിനം രാവിലെ 8 മണി മുതൽ പ്രദർശനം അവസാനിക്കുന്ന സമയം വരെ പ്രദർശനത്തിന് എത്തിച്ചേരുന്നവരുടെ വാഹനങ്ങളിൽ നിന്ന് പാർക്കിംഗ് ഫീ പിരിക്കുന്നതിന് സെക്യൂരിറ്റി ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. പ്രദർശനത്തിന് എത്തിച്ചേരുന്ന വാഹനങ്ങളിൽ നിന്ന് പാർക്കിംഗ് ഫീ പിരിച്ച് ആയത് യഥാസമയം ശ്രീവടക്കുന്നാഥൻ ദേവസ്വം ഓഫീസിൽ ഏൽപ്പിക്കേണ്ടതും ഇതിൽ വീഴ്ച വരുത്താൻ പാടില്ലാത്തതുമാണ്.

പാർക്കിംഗ് ഫീ പിരിക്കുന്നതിനും വാഹനങ്ങൾ നിയന്ത്രിക്കുന്നതിനും വേണ്ടത്ര സെക്യൂരിറ്റി ജീവനക്കാരെ നിയോഗിക്കേണ്ടതാണ്. ഏറ്റവും കുറവ് സംഖ്യയ്ക്ക് സമർപ്പിക്കുന്ന വ്യക്തിയുടെ/ സ്ഥാപനത്തിന്റെ ക്വട്ടേഷനുകൾ അംഗീകരിക്കുന്നതാണ്. ഈ ക്വട്ടേഷൻ ദേവസ്വത്തിന് ഗുണകരമല്ലെന്നു കണ്ടാൽ നിർത്തി വെക്കുന്നതിനും വേണ്ടെന്ന് വെക്കുന്നതിനും യുക്തമെന്ന് തോന്നുന്ന മറ്റു നടപടികൾ സ്വീകരിക്കുന്നതിനും താഴെ ഒപ്പിടുന്ന ആൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ക്വട്ടേഷൻ അംഗീകരിക്കുന്ന വ്യക്തി /സ്ഥാപനം എന്നിവർക്ക് മുഴുവൻ തുകയും എക്സിബിഷൻ കഴിയുന്ന മുറയ്ക്ക് കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്നും അനുവദിച്ചു നൽകുന്നതാണ്. ക്വട്ടേഷനുകൾ 12/04/2022 ന് 11.00 എ.എം. ന് മുമ്പ് കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം 12 ന് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ഈ പരസ്യത്തെപ്പറ്റി കൂടുതൽ എന്തെങ്കിലും അറിയുവാൻ ആഗ്രഹിക്കുന്നവർ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിലോ ശ്രീവടക്കുന്നാഥൻ ദേവസ്വം ഓഫീസിലോ അന്വേഷിച്ചാൽ അറിയാവുന്നതാണ്. ക്വട്ടേഷനുകൾ എടുക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ പൂർണ്ണ ആരോഗ്യമുള്ള വ്യക്തികളെ മാത്രം നിയോഗിക്കേണ്ടതാണ്. 60 വയസ്സിന് മുകളിലുള്ള വ്യക്തികളെ സെക്യൂരിറ്റി ജീവനക്കാരായി നിയോഗിക്കാൻ പാടില്ലാത്തതാണ്. സെക്യൂരിറ്റി ജീവനക്കാർക്കുള്ള യൂണിഫോം അവരവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

ദേവസ്വം കമ്മീഷ്ണർ

കൊച്ചിൻ ദേവസ്വം ബോർഡ്